ഉത്തരം

(എ) 30 പുള്ളിമാനുകളെയും 37 മാൻവർഗ്ഗത്തിൽപ്പെട്ട മ്ളാവു കളെയും വന്ധ്യംകരണം നടത്തി.

(ബി) 12 എണ്ണം.

(സി) ശരീരതാപം ഉയർന്നതിനാലും തമ്മിൽ ഏറ്റുമുട്ടിയതിനാലും.

(ഡി) അതെ.

(ഇ) വന്ധ്യംകരണം ചെയ്തതായാലും ചെയ്യാത്തവയായാലും കൂട്ടത്തിൽനിന്ന് ഒരെണ്ണത്തിനെ മാറ്റി തിരികെ വീണ്ടും കൂട്ടിലാക്കിയാൽ ബാക്കിയുള്ളവ അതിനെ ആക്രമിക്കുക സ്വാഭാവികമാണ്. ഇത്തരത്തിലുള്ള അപകടം ഒഴിവാക്കാനാണ് ഏകാന്തതയിൽ പാർപ്പിക്കാത്തത്.

ചേർത്തല തൈക്കലിൽ മണ്ണിനടിയിൽ കപ്പൽ കുഴിച്ചെടുക്കുന്നതിനുള്ള തടസ്സം

122 [1468] ശ്രീ. കെ. മോഹൻകുമാർ:
,, പി. ജെ. ജോയി:
,, ടി. യു. രാധാകൃഷ്ണൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല തൈക്കലിൽ മണ്ണിനടിയിൽ കണ്ടെത്തിയ കപ്പൽ സുരക്ഷിതമായി എടുക്കുകയുണ്ടായോ; ലോകത്തുതന്നെ ആദ്യമായി ഇത്തരത്തിൽ കണ്ടെത്തിയ കപ്പൽ കുഴിച്ചെടുക്കുന്നതിനുള്ള തടസ്സമെന്താണ്;

(ബി) ഇതെടുക്കുന്നതിനായി ഇതുവരെ എത്ര മീറ്റർ കുഴിയെടുത്തു; ഇതിനുവേണ്ടി എന്തു ചെലവു വന്നു;

(സി) ചരിത്ര സ്മാരകങ്ങൾ ഖനനം ചെയ്തു കണ്ടെടുത്തു പഠിക്കുവാൻ പുരാവസ്തു വകുപ്പിന് ഉദ്ദേശമുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചേർത്തല തൈക്കലിൽ മണ്ണിനടിയിൽ നിന്നും ഒരു ചെറു പായ്ക്കപ്പൽ (ബോട്ട്) കണ്ടെത്തുകയുണ്ടായി. പ്രസ്തുത ബോട്ട് ദീർഘകാലം മണ്ണിനടിയിൽ ആയിരുന്നതിനാൽ തടി ദ്രവിച്ച് പൊടിഞ്ഞ് പോകാറായ അവസ്ഥയിലാണ്. ഇതിന്റെ രാസപരിരക്ഷയ്ക്ക് കോടിക്കണക്കിന് രൂപ ചെലവ് വരും. ബോട്ട് അതേപടി പൊക്കിയെടുക്കുന്നതിന് വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഇതിൽ സാങ്കേതിക വൈദഗ്ധ്യം ഉള്ള വരുടെ സേവനം ലഭ്യമാകുമ്പോൾ മാത്രമേ ബോട്ട് പുറത്തെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) 30 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും 5 മീറ്റർ താഴ്ചയിലുമുള്ള ഉദ്ഖനനമാണ് നടത്തിയിട്ടുള്ളത്. ഉദ്ഖനനത്തിന് നാളിതുവരെ 8,20,000 (എട്ടു ലക്ഷത്തി ഇരുപതിനായിരം) രൂപ ചെലവായിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly